milma®

**Malabar Regional Co-operative Milk Producers' Union Ltd.**

Head Office, Peringolam, Kunnamangalam, Kozhikode-673571, Kerala

MRU:P&I:237:FIRE INSURANCE:2019-20 06.05.2020

**സർക്കുലർ നമ്പർ 721/2020**

സെക്രട്ടറി/പ്രസിഡന്റ്

..........................................ആപ്കോസ്

വിഷയം:- മലബാർ മേഖലാ യൂണിയന്റെ അംഗസംഘങ്ങളിൽ ഫയർ/പ്രകൃതി ദുരന്ത ഇൻഷുറൻസ് പരിരക്ഷ നടപ്പാക്കുന്നത് സംബന്ധിച്ച്.

നമ്മുടെ സംസ്ഥാനത്ത് ഇക്കഴിഞ്ഞ 2018, 2019 വർഷങ്ങളിലായി പ്രളയം മൂലം ഒട്ടനവധി നാശനഷ്ടങ്ങൾ സംഭവിക്കുകയും നമ്മുടെ ചില അംഗസംഘങ്ങൾക്ക് ബി.എം.സി, ജനറേറ്റർ, കെട്ടിടം, കംപ്യൂട്ടർ, ഫർണ്ണിച്ചറുകൾ, സംഘങ്ങളിൽ സൂക്ഷിച്ചിരുന്ന മിൽമ കാലിത്തീറ്റ, എം.ആർ.ഡി.എഫ് നൽകുന്ന മറ്റ് തീറ്റ വസ്തുക്കൾ തുടങ്ങിയവ പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്യുകയുണ്ടായി. മലബാർ മേഖലാ യൂണിയന്റെ അംഗസംഘങ്ങളൊന്നും തന്നെ നാളിതുവരെയായും ഫയർ/പ്രകൃതി ദുരന്ത ഇൻഷുറൻസ് പോളിസികൾ എടുക്കാത്തതിനാൽ പ്രളയം മൂലം സംഭവിച്ച ഭീമമായ നാശനഷ്ടങ്ങൾക്ക് യാതൊരുവിധ നഷ്ടപരിഹാരവും ലഭ്യമാക്കാൻ സാധിച്ചിരുന്നില്ല, മാത്രമല്ല ഈ സംഘങ്ങളെ പ്രളയാനന്തരം പ്രവർത്തന സജ്ജമാക്കുന്നതിനായി മേഖലാ യൂണിയന് ഭീമമായ സാമ്പത്തിക ബാധ്യതയുണ്ടാവുകയും ചെയ്തിരുന്നു.

ഈ സാഹചര്യത്തിൽ ഭാവിയിൽ യൂണിയന്റെ അംഗസംഘങ്ങൾക്ക് ഫയർ/പ്രകൃതി ദുരന്തങ്ങളിൽ നിന്നുണ്ടായേക്കാവുന്ന നാശനഷ്ടങ്ങളിൽ നിന്നും പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി മലബാർ മേഖലാ യൂണിയൻ ഒരു ഫയർ/പ്രകൃതി ദുരന്ത ഇൻഷുറൻസ് പോളിസി യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി മുഖാന്തിരം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിനായി വരുന്ന മുഴുവൻ ചിലവും മേഖലാ യൂണിയനാണ് വഹിക്കുന്നത്. ഈയിനത്തിൽ പത്ത് ലക്ഷത്തോളം രൂപയാണ് യൂണിയന് ചിലവ് പ്രതീക്ഷിക്കുന്നത്.

ഫയർ/പ്രകൃതി ദുരന്ത ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിലൂടെ ഇടിമിന്നൽ, കൊടുംകാറ്റ്, പ്രളയം, ഭൂചലനം, കാട്ടുതീ, പോലുള്ള ദുരന്തങ്ങൾ മൂലം സംഘത്തിനുണ്ടായേക്കാവുന്ന മുഴുവൻ നാശനഷ്ടങ്ങൾക്കും പരിരക്ഷ ലഭിക്കുന്നതാണ്. മലബാർ മലബാർ മേഖലാ യൂണിയന് കീഴിലെ ബി.എം.സി സംഘങ്ങൾക്ക് പരമാവധി 20 ലക്ഷം രൂപയുടെ പരിരക്ഷയും ബി.എം.സി ഇല്ലാത്ത സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപയുടെ പരിരക്ഷയുമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ വിവരങ്ങൾ താങ്കളുടെ അറിവിലേക്കായി അറിയിക്കുന്നു. ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട പി&ഐ യൂണിറ്റിന് 10/05/2020 നകം ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ